**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **16-03-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മെഡിക്കൽ കോളേജിൽ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 93 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തി- നായി 2 .8107 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തുടർ വികസനത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പ്രസ്തുത മെഡിക്കൽ കോളേജിൽ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | ആവശ്യമായ തസ്തികകളിൽ സ്ഥിരനിയമനം നടത്തി, പ്രസ്തുത മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കണ്ടിജൻസി ഫണ്ട് ഇനത്തിൽ 50ലക്ഷം രൂപ ലഭ്യമാക്കി, സാമൂഹ്യ ആഘാത പഠനം നടത്തി മെഡിക്കൽകോളേജിന് ആവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ